Reg. No.: ................................

Name : ...................................

**K24U 0850**

NAVAJYOTHI COLLEGE KANNUR DT. 670511 POST BAG No: 5, CHERUPUZHA

**IV Semester B.A./B.Sc. Degree (C.B.C.S.S.-O.B.E. – Regular/Supplementary/Improvement) Examination, April 2024**
**(2019 to 2022 Admissions)**
**ADDITIONAL COMMON COURSE IN MALAYALAM**
**4A 10 MAL : ദൃശ്യകലാ സാഹിത്യം**

Time : 3 Hours　　　　Max. Marks : 40

I. **300** വാക്കിൽ കവിയാതെ ഏതെങ്കിലും **2** ചോദ്യത്തിന് ഉത്തരമെഴുതുക.

1) ജനകീയകല എന്ന നിലയിൽ തുള്ളലിന്റെ സാമൂഹിക പ്രസക്തിയെക്കുറിച്ച് വിവരിക്കുക.

2) കഥാപാത്ര ചിത്രീകരണത്തിൽ, ആ മനുഷ്യൻ നീ തന്നെ എന്ന നാടകം എത്രത്തോളം മികവ് പുലർത്തുന്നുവെന്ന് പരിശോധിക്കുക.

3) നാടകീയതയെ കാവ്യാത്മകമായി ആവിഷ്കരിക്കുന്ന ആട്ടകഥയാണ് നളചരിതം – രണ്ടാം ദിവസത്തെ ആസ്പദമാക്കി ഈ അഭിപ്രായത്തിന്റെ പ്രസക്തിയെക്കുറിച്ച് വിവരിക്കുക.

4) ഗ്രാമീണാനുഭവങ്ങൾ ദൃശ്യഭാഷയിലൂടെ ആവിഷ്കരിക്കുന്നതിൽ കൊടിയേറ്റം എന്ന സിനിമ എത്രത്തോളം വിജയിച്ചിട്ടുണ്ടെന്ന് പരിശോധിക്കുക. **(2×7=14)**

II. ഏതെങ്കിലും **നാല്** ചോദ്യത്തിന് ഉത്തരമെഴുതുക. **ഓരോന്നും 150** വാക്കിൽ കവിയരുത്.

5) പുഷ്കരൻ എന്ന കഥാപാത്രത്തെ നിരൂപണം ചെയ്യുക.

6) ഇന്ദ്രപ്രസ്ഥത്തിൽ എത്തിയ കൗരവർക്ക് സംഭവിച്ച അനർത്ഥങ്ങൾ എന്തെല്ലാം ?

7) 'ഹേ കർണ്ണ, ഭവാന്റെ കീർത്തി നിലനിൽക്കുമാറാകട്ടെ, സൂര്യൻ പോലെ, ചന്ദ്രൻ പോലെ, ഹിമവാൻ പോലെ, സമുദ്രം പോലെ' – ഇങ്ങനെ ആശംസിക്കുന്നതാര് ? ആശംസകന്റെ മനോതലം എന്തായിരുന്നുവെന്ന് വിശകലനം ചെയ്യുക.

8) തെയ്യത്തിലെ മുഖത്തെഴുത്തിന്റെയും മെയ്യെഴുത്തിന്റെയും പ്രത്യേകതകൾ എന്തെല്ലാം ?

P.T.O.

9) 'കണ്ണുള്ളത് തുറക്കുവാൻ മാത്രമല്ല, അടയ്ക്കുവാൻ കൂടിയാണ്' ഈ വാക്കുകൾ 'ആ മനുഷ്യൻ നീ തന്നെ' എന്ന നാടകത്തിന്റെ അന്തസത്തയായി മാറുന്നതെങ്ങനെ ? വിശദമാക്കുക.

10) 'മഹാഭാരതത്തിലെ കർണ്ണനിൽ നിന്ന് കർണാഭാരത്തിലെ കർണനിലേക്കുള്ള ദൂരം കുറച്ചധികമുണ്ട്' – വിശദമാക്കുക. **(4×3=12)**

III. ഏതെങ്കിലും **4** ചോദ്യത്തിന് ഉത്തരമെഴുതുക. **ഓരോന്നും 100** വാക്കിൽ കവിയരുത്.

11) 'ബന്ധമെന്തെനിക്കേവംസന്താപം വരുവാൻ' ആരാണിങ്ങനെ വിലപിച്ചത് ? സന്ദർഭം എഴുതുക.

12) 'ഞങ്ങടെ നാട്ടിലെ ത്തോട്ടിലെ വെള്ളം
അങ്ങുള്ള വെള്ളത്തേക്കാൾ ഗുണമെന്നോ ? – ഇങ്ങനെ പരിഹസിക്കുന്നത് ആര് ? കാരണമെന്ത് ?

13) തെയ്യവും ചിത്രകലയും തമ്മിലുള്ള ബന്ധമെന്ത് ?

14) സിനിമയിൽ തിരക്കഥയ്ക്കുള്ള പ്രാധാന്യമെന്ത് ?

15) 'പ്രേമം ഒരുവനെ ചെറുതാക്കുമെങ്കിൽ ഞാൻ വെറുമൊരു മണൽത്തരി യോളമായി ക്കൊള്ളട്ടെ'. സന്ദർഭവും ആശയവും എഴുതുക.

16) 'ഇനിഭ്ബുവിഗതിതേപഴുതേ
ശകുനപ്പിഴതവജനിതം' – സന്ദർഭവും ആശയവും എഴുതുക. **(4×2=8)**

IV. ഏതെങ്കിലും **നാല്** ചോദ്യത്തിന് ചെറുകുറിപ്പുകൾ തയ്യാറാക്കുക.

17) ഉണ്ണായി വാര്യർ

18) കലി

19) കുഞ്ചൻ നമ്പ്യാർ

20) ഏകാങ്കനാടകം

21) അടൂർ ഗോപാലകൃഷ്ണൻ

22) എഡിറ്റിംഗ്. **(4×1½=6)**

K23U 1094

Reg. No.: ...............................

Name : ....................................

**IV Semester B.A./B.Sc. Degree (CBCSS-OBE – Regular/Supplementary/ Improvement) Examination, April 2023**
**(2019 Admission Onwards)**
**ADDITIONAL COMMON COURSE IN MALAYALAM**
**4A10 MAL : ദൃശ്യകലാസാഹിത്യം**

Time : 3 Hours Max. Marks : 40

I. **300** വാക്കിൽ കവിയാതെ ഏതെങ്കിലും **രണ്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

1) ഉണ്ണായിവാര്യരുടെ നളചരിതം ആട്ടക്കഥ കഥകളി എന്ന ദൃശ്യകലാരൂപത്തിന്റെ മുഴുവൻ സവിശേഷതകളും ഉൾക്കൊള്ളുന്ന ഒന്നാണ് – വിശദീകരിക്കുക.

2) തുള്ളലിനെ ഇത്രമേൽ ജനകീയമാക്കിയത് പറച്ചിലിലെ സത്യസന്ധതയാണ്. സഭാപ്രവേശം മുൻനിർത്തി വിശകലനം ചെയ്യുക.

3) അവതരണത്തിലെ വൈവിധ്യവും പ്രമേയത്തിലെ പുതുമയുമാണ് പരീക്ഷണ നാടകങ്ങളുടെ കരുത്ത്. ആ മനുഷ്യൻ നീ തന്നെ മുൻനിർത്തി ചർച്ച ചെയ്യുക.

4) മലയാള സിനിമാചരിത്രത്തിലെ ഒരു വിച്ഛേദമായിരുന്നു കൊടിയേറ്റം – വിശകലനം ചെയ്യുക. **(2×7=14)**

II. **150** വാക്കിൽ കവിയാതെ ഏതെങ്കിലും നാലു ചോദ്യത്തിന് ഉത്തരമെഴുതുക.

5) കർണ്ണന്റെ ദാനശീലവും സത്യസന്ധതയും – കർണ്ണഭാരം നാടകത്തിന്റെ പശ്ചാത്തലത്തിൽ വിശദീകരിക്കുക.

6) "പണ്ടു നീ നമ്മേക്കയർകൊണ്ട് കെട്ടിക്കൊണ്ടു കയത്തിൽ പിടിച്ചുമറിച്ചു അങ്ങനെ ചെയ്തൊരു ദുര്യോധന ! നീ ഇങ്ങനെ വെള്ളത്തിൽ മുങ്ങിടവേണം". ഇങ്ങനെ പറയാൻ ഉണ്ടായതിനു പിന്നിലെ കഥ എന്ത് ?

7) "നിന്നസ്ത്രം ഫലിക്കയ്ക്ക വേണ്ടളവിൽ" എന്ന് കർണ്ണന് ലഭിക്കുന്ന ശാപത്തിനു പിന്നിലെ സൂചിത കഥയെന്ത് ?

P.T.O.

8) "പാഥസാം നിചയം വാർന്നൊഴിഞ്ഞളവും
സേതുബന്ധനോദ്യോഗമെന്തെടോ". ആശയം വ്യക്തമാക്കുക.

9) സിനിമ ആരുടെ കലയാണ് ? (സംവിധായകൻ- നടൻ- തിരക്കഥ) പാഠഭാഗത്തെ മുൻനിർത്തി വിലയിരുത്തുക.

10) സഭാപ്രവേശത്തിൽ ദുര്യോധനനെ കുഞ്ചൻ നമ്പ്യാർ അവതരിപ്പിച്ചത് ഏതു വിധത്തിലാണ് ? **(4×3=12)**

III. **100** വാക്കിൽ കവിയാതെ ഏതെങ്കിലും **4** ചോദ്യത്തിന് ഉത്തരമെഴുതുക.

11) വടക്കേ മലബാറിലെ മനുഷ്യരുടെ ജീവിതസംസ്കാരങ്ങളെ രൂപപ്പെടുത്തുന്നതിൽ തെയ്യത്തിന്റെ സ്വാധീനമെന്ത് ? വിശദമാക്കുക.

12) നളകഥാഖ്യാനം മഹാഭാരതത്തിൽ നിന്ന് നളചരിതം ആട്ടക്കഥയിലേക്കു വരുമ്പോൾ ഉണ്ടായ മാറ്റങ്ങൾ എന്തൊക്കെ ?

13) വിശ്വാസവഞ്ചനയ്ക്ക് പാത്രമായ കഥാപാത്രമാണ് ഊറിയ – വിലയിരുത്തുക.

14) തുള്ളൽ എത്ര വിധമുണ്ട് ? ഏതൊക്കെ ?

15) "കണ്ണുള്ളത് തുറക്കാൻ മാത്രമല്ല അടയ്ക്കാൻ കൂടിയാണ് ". എന്താണ് സന്ദർഭം ?

16) ഉമ്മറത്തെപ്പല്ലുകൊണ്ടു ചിരിക്കും നമ്മളെക്കണ്ടാൽ
ഉള്ളിലെപ്പല്ലുകൾ കൊണ്ടിട്ടിരുമ്മും ആര് ? ആരോട് പറഞ്ഞു ? **(4×2=8)**

IV. ഏതെങ്കിലും **4** എണ്ണത്തിന് കുറിപ്പുകൾ തയ്യാറാക്കുക.

17) തുള്ളൽ

18) തിരക്കഥ

19) തെയ്യം

20) ദാവീദ്

21) ആട്ടക്കഥാസാഹിത്യം

22) സമാന്തര സിനിമ. **(4×1½=6)**

---

K22U 1529

Reg. No.: ..................................

Name : ......................................

# IV Semester B.A./B.Sc. Degree CBCSS (OBE) Regular/Supplementary/ Improvement Examination, April 2022
## (2019 Admission Onwards)
## ADDITIONAL COMMON COURSE IN MALAYALAM
## 4A10 MAL : ദൃശ്യകലാസാഹിത്യം

Time : 3 Hours Max. Marks : 40

I. താഴെ തന്നിരിക്കുന്ന **4** ചോദ്യത്തിൽ നിന്ന് **രണ്ടെണ്ണ**ത്തിനു **300** വാക്കിൽ കവിയാതെ ഉത്തരമെഴുതുക.

1) ആട്ടക്കഥയുടെ സവിശേഷതകൾ പാഠഭാഗത്തെ മുൻനിർത്തി വിശദീകരിക്കുക.

2) തുള്ളൽ എന്ന ജനകീയകലാരൂപത്തിന്റെ പ്രത്യേകതകൾ സഭാപ്രവേശത്തെ അവലംബമാക്കി വിശകലനം ചെയ്യുക.

3) ആ മനുഷ്യൻ നീ തന്നെ എന്ന നാടകത്തിലെ പാപപുണ്യസങ്കല്പനം വിശകലനം ചെയ്യുക.

4) ''കൊടിയേറ്റത്തിലാരംഭിച്ച് കമ്പക്കെട്ടിലവസാനിക്കുന്ന ഉൽസവത്തിന്റെ ഘടനയാണ് കൊടിയേറ്റത്തിന്റേത്. വിശകലനം ചെയ്യുക. **(2×7=14)**

II. താഴെ തന്നിരിക്കുന്ന **6** ചോദ്യത്തിൽ നിന്ന് **4** ചോദ്യത്തിന് **150** വാക്കിൽ കവിയാതെ ഉത്തരമെഴുതുക.

5) കലി എന്ന കഥാപാത്രത്തിന്റെ സ്വഭാവനിരൂപണം നടത്തുക.

6) എതിരിട്ടുവരുന്നോരെച്ചതികൂട്ടുന്ന ശകുനിയുടെ സ്വഭാവനിരൂപണം നടത്തുക.

7) ''കണ്ടു വസിക്കും വൃകോദരനപ്പോൾ
രണ്ടു കരങ്ങളും കൊട്ടിച്ചിരിച്ചു'' – സന്ദർഭവും ആശയവും വിശദീകരിക്കുക.

8) ബദ്ശേബയുടെ സ്വഭാവനിരൂപണം നടത്തുക.

9) കർണനെ പരശുരാമൻ ശപിക്കാനിടയാക്കിയ സംഭവം ചുരുക്കി വിവരിക്കുക.

10) ശില്പം, ചിത്രം, വാസ്തുകല, സംഗീതം, നൃത്തം, ഭാവാഭിനയം ഇവയെല്ലാം ചേർന്ന സമഗ്രകലയാണ് തെയ്യം എന്ന അഭിപ്രായത്തിന്റെ സാധുത പരിശോധിക്കുക. **(4×3=12)**

P.T.O.

III. താഴെ തന്നിരിക്കുന്ന **6** ചോദ്യങ്ങളിൽ നിന്ന് **4** എണ്ണത്തിന് **100** വാക്കിൽ കവിയാതെ ഉത്തരമെഴുതുക.

11) ''പാഥസാം നിചയം വാർന്നൊഴിഞ്ഞളവു
സേതുബന്ധനോദ്യോഗമെന്തെടോ'' – സന്ദർഭവും ആശയവും വിശദീകരിക്കുക.

12) ''ഊണിന്നാസ്ഥ കുറഞ്ഞു, നിദ്ര നിശയിങ്കൽപ്പോലുമില്ലാതെയായ് '' – സന്ദർഭവും ആശയവും വിശദീകരിക്കുക.

13) കൗരവർ ഇന്ദ്രപ്രസ്ഥത്തിലേക്ക് പോകാൻ കാരണമെന്ത് ?

14) ''മരിച്ച വീരന്മാരുടെ ഭാര്യമാരോട് ചോദിക്ക് വീരസ്വർഗ്ഗം മറ്റു മരണങ്ങളെക്കാൾ എത്ര കേമമാണെന്ന് ! '' ദാവീദ് മഹാരാജാവ് ഇങ്ങനെ പറയാനിടയാക്കിയ സന്ദർഭമെഴുതുക.

15) തെയ്യങ്ങൾ ഒരു വലിയ ഇൻസ്റ്റലേഷന്റെ അനുഭവം സൃഷ്ടിക്കുന്നുവെന്ന് പറയാൻ കാരണമെന്ത് ?

16) നൂലുപൊട്ടിയ പട്ടം എടുത്തുകൊടുക്കുന്ന വെമ്പുന്ന ശങ്കരൻകുട്ടി താനും നൂലുപൊട്ടിയ ഒരു പട്ടമാണെന്ന സത്യം തിരിച്ചറിയുന്നില്ല. ഈ നിരീക്ഷണത്തിന്റെ സാധുത പരിശോധിക്കുക. **(4×2=8)**

IV. **6** ചോദ്യത്തിൽ നിന്ന് **4 എണ്ണ**ത്തിന് ചെറുകുറിപ്പുകൾ തായാറാക്കുക.

17) കഥകളിയിലെ പ്രധാന വേഷങ്ങളേവ ?

18) കുറിപ്പെഴുതുക – പറയൻതുള്ളൽ

19) കുറിപ്പെഴുതുക – നാടകം

20) ദാവീദിന്റെ തെറ്റു സൂചിപ്പിക്കാൻ പ്രവാചകൻ പറഞ്ഞ അന്യാപദേശ കഥയേത് ?

21) തെയ്യം എന്ന അനുഷ്ഠാനകലയിൽ സംഭവിക്കുന്നതെന്ത് ?

22) കുറിപ്പെഴുതുക – അടൂർ ഗോപാലകൃഷ്ണൻ. **(4×1.5=6)**

K21U 1093

Reg. No.: ..................................

Name : ......................................

# IV Semester B.A./B.Sc. Degree CBCSS (OBE) Regular Examination, April 2021
## (2019 Admission Only)
## ADDITIONAL COMMON COURSE IN MALAYALAM
## 4A 10 MAL : ദൃശ്യകലാസാഹിത്യം

Time : 3 Hours Max. Marks : 40

I. താഴെ തന്നിരിക്കുന്ന **4** ചോദ്യത്തിൽ നിന്ന് **രണ്ടെണ്ണ**ത്തിനു **300** വാക്കിൽ കവിയാതെ ഉത്തരമെഴുതുക.

1) കഥകളി എന്ന ദൃശ്യകലാരൂപത്തിന്റെ സവിശേഷതകൾ പാഠഭാഗത്തെ മുൻനിർത്തി വിവരിക്കുക.

2) ''പരിഹാസത്തിന്റെ ജനാധിപത്യമുഖമാണ് കുഞ്ചൻനമ്പ്യാരുടെ തുള്ളലുകൾ''. സഭാപ്രവേശത്തെ അവലംബമാക്കി വിശകലനം ചെയ്യുക.

3) ആ മനുഷ്യൻ നീ തന്നെ എന്ന നാടകത്തിലെ ദുരന്തസങ്കല്പം വിശകലനം ചെയ്യുക.

4) ''സിനിമയെക്കുറിച്ചു നിലനിന്നിരുന്ന പല പരമ്പരാഗത ധാരണകളെയും തിരുത്തുന്ന സിനിമയാണ് കൊടിയേറ്റം''. വിശകലനം ചെയ്യുക. **(2×7=14)**

II. താഴെ തന്നിരിക്കുന്ന **6** ചോദ്യത്തിൽ നിന്ന് **4** ചോദ്യത്തിന് **150** വാക്കിൽ കവിയാതെ ഉത്തരമെഴുതുക.

5) ''ശകുനപ്പിഴ തവ ജനിതം'' എന്ന് ഇന്ദ്രൻ കലിയെ വിശേഷിപ്പിക്കാൻ കാരണമെന്ത് ?

6) ദുര്യോധനനെ ഹാസ്യാത്മകമായി നമ്പ്യാർ അവതരിപ്പിച്ചിരിക്കുന്നതെങ്ങനെ ?

7) ''വെള്ളസ്ഫടികസ്ഥലങ്ങളിലെല്ലാം
വെള്ളമുണ്ടെന്നൊരു ശങ്ക തുടങ്ങി'' – സന്ദർഭവും ആശയവും വിശദീകരിക്കുക.

8) ഊറിയാവിന്റെ സ്വഭാവനിരൂപണം നടത്തുക.

9) കർണഭാരത്തിൽ ഭാസൻ അവതരിപ്പിക്കുന്ന കർണന്റെ സ്വഭാവ സവിശേഷതകളെന്ത് ?

10) തെയ്യത്തെ ഒരു സമഗ്രകലയെന്നു വിശേഷിപ്പിക്കാൻ കാരണമെന്ത് ? **(4×3=12)**

P.T.O.

III. താഴെ തന്നിരിക്കുന്ന **6** ചോദ്യങ്ങളിൽ നിന്ന് **4** എണ്ണത്തിന് **100** വാക്കിൽ കവിയാതെ ഉത്തരമെഴുതുക.

11) "സൗവർണഹംസം ചെയ്യോരു സൗഹൃദമായതു സൗഹൃദമേ" – ഹംസം നളനു ചെയ്തുകൊടുത്ത ഉപകാരമെന്ത് ?

12) "വികൃതഹൃദയ! ഞങ്ങൾ വികിരങ്ങളല്ലാ
വെറുതെ ഞങ്ങളെക്കൊൽവാൻ തവ തരമില്ലാ" – സന്ദർഭവും ആശയവും വിശദീകരിക്കുക.

13) "പൊണ്ണനാം ഭീമനെത്തെല്ലും ഭീതിയില്ലെന്ന്" ദുശ്ശാസനൻ പറയാനിടയാക്കിയ സാഹചര്യമെന്ത് ?

14) "മുള്ള് ഇലയിൽ വീണാലും ഇല മുള്ളിൽ വീണാലും ഫലം ഒന്നുതന്നെ". ബദ്ശേബ ഇങ്ങനെ പറയാനിടയാക്കിയ സാഹചര്യമെന്ത് ?

15) ക്ഷേത്രച്ചുമരുകളെ അലങ്കരിക്കുന്ന പഞ്ചമാലകളേവ ? വിശദീകരിക്കുക.

16) "നൂലുപൊട്ടിയ പട്ടം എടുത്തുകൊടുക്കാൻ വെമ്പുന്ന ശങ്കരൻകുട്ടി താനും അതുപോലെ നൂലുപൊട്ടിയ ഒരു പട്ടമാണെന്ന സത്യം തിരിച്ചറിയുന്നില്ല". ഈ നിരീക്ഷണത്തിന്റെ സാധുത പരിശോധിക്കുക. **(4×2=8)**

IV. **6** ചോദ്യത്തിൽ നിന്ന് **4** എണ്ണത്തിന് ചെറുകുറിപ്പുകൾ തയാറാക്കുക.

17) കഥകളിയിലെ ചടങ്ങുകളുടെ പേരെഴുതുക.

18) കുറിപ്പെഴുതുക – കുഞ്ചൻനമ്പ്യാർ.

19) തുള്ളലിന്റെ ഉൽപ്പത്തിക്കു നിദാനമായ കഥ ചുരുക്കി എഴുതുക.

20) ദാവീദിന്റെ തെറ്റു സൂചിപ്പിക്കാൻ പ്രവാചകൻ പറഞ്ഞ അന്യാപദേശ കഥയേത് ?

21) തെയ്യം എന്ന അനുഷ്ഠാനകലയിൽ സംഭവിക്കുന്നതെന്ത് ?

22) കുറിപ്പെഴുതുക – അടൂർ ഗോപാലകൃഷ്ണൻ. **(4×1.5=6)**